5. കോലഞ്ചേരി ഗ്രാമീണ ശുദ്ധജല പദ്ധതി
6. മല്ലപ്പുഴശ്ശേരി ഗ്രാമീണ ശുദ്ധജല പദ്ധതി
7. ആറന്മുള ഗ്രാമീണ ശുദ്ധജല പദ്ധതി
8. ചെറുകോൺ നാരങ്ങാനം സമഗ്ര ശുദ്ധജലവിതരണ പദ്ധതി
9. റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര സമഗ്ര ശുദ്ധജലവിതരണ പദ്ധതി (ഇതിന്റെ പണി ആരംഭിച്ചിട്ടില്ല.)

3. പള്ളിവാസൽ, ഇടുക്കി, ഇടമലയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ ടെയിൽ റെയിസ് വാട്ടർ മാത്രം ഉപയോഗിച്ച് കുടിവെള്ള പദ്ധതികളൊന്നും നടപ്പാക്കുന്നില്ലെങ്കിലും ഈ വെള്ളം തുറന്നു വിടുന്ന മൂവാറ്റുപുഴയിലെ ജലം ഉപയോഗിച്ച് അനവധി കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

4. പേപ്പാറ ഡാമിലെ പവർ ഹൗസിലെ ടെയിൽറെയിസ് വാട്ടർ തിരുവനന്തപുരം കുടിവെള്ള വിതരണ പദ്ധതിക്ക് ഉപയോഗിക്കുന്നുണ്ട്.

(സി&ഡി) ഉണ്ട്. കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കുള്ള ജെ.ബി.ഐ.സി. പദ്ധതിക്ക് സ്രോതസ്സായി കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയിസ് വാട്ടർ മാത്രം (പെരുവണ്ണാമൂഴി ഡാമിലുള്ളത്.) പ്രയോജനപ്പെടുത്താൻ ഉദ്ദേശമുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ

59 (2337) ശ്രീമതി രാധാരാഘവൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടലാക്രമണ സാധ്യതയുള്ള സ്ഥലങ്ങളേവ ;

(ബി) ഈ മൺസൂൺ കാലത്ത് ഇതുവരെ എവിടെയെല്ലാം കടലാക്രമണം ഉണ്ടായി ;

(സി) ഇതിന്റെ ഫലമായി എന്തൊക്കെ നാശനഷ്ടങ്ങൾ ഉണ്ടായി ;

(ഡി) ഇപ്പോൾ എവിടെയെല്ലാം കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ നടന്നുവരുന്നു ?

ഉത്തരം

(എ) സംസ്ഥാനത്ത് ശക്തമായ കടലാക്രമണമുള്ള മേഖലകൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ഡിവിഷൻ

കൊല്ലങ്കോട്, പൂവ്വാർ, വിഴിഞ്ഞം, കോവ്ളം, പനഅറക്കര, പൂന്തുറ, വേളി, വലിയതുറ, പൂത്തുറ, പെരുമാതുറ, അഞ്ചുതെങ്ങ്, നെടുങ്ങണ്ട, വർക്കല, കാപ്പിൽ.

കൊല്ലം ഡിവിഷൻ

താന്നി, കൊച്ചുതോപ്പ്, കാക്കത്തോപ്പ്, കുളത്തിൽപ്പാടം, ആദിച്ചവൻതോപ്പ്, പരവൂർ സൗത്ത്, ശക്തികുളങ്ങര, നീണ്ടകര, പൊൻമന, ജയന്തി കോളനി, വെള്ളനാതുരുത്ത്, കാറ്റാടി കോളനി, അഴീക്കൽ, പെരുമ്പള്ളി, റെയിൽകടവ്, രാമൻചേരി, വടച്ചാൽ, കള്ളിക്കാട്, തൃക്കുന്നപ്പുഴ.

ആലപ്പുഴ ഡിവിഷൻ

തോട്ടപ്പള്ളി, അമ്പലപ്പുഴ, കാക്കാഴം, നീർക്കുന്നം, വണ്ടാനം, പുന്നപ്ര, വാടക്കൽ, കാഞ്ഞിരംചിറ, തുമ്പോളി, ചെട്ടിക്കാട് കാട്ടൂർ, ഓമനപ്പുഴ, ചേനാവേലി, ആർത്തുങ്കൽ, തൈയ്ക്കൽ, ആറാട്ടുവഴി, ഒറ്റമശ്ശേരി, അന്ധകാരനഴി.

എറണാകുളം ഡിവിഷൻ

ചാപ്പ, മാലിപ്പുറം, എളംകുന്നപ്പുഴ, ഞാറക്കൽ, എടവനക്കാട്, നായരമ്പലം, ചെറായി, മുനമ്പം, പള്ളിപ്പുറം, ഫോർട്ട് കൊച്ചി, സൗദി, കാട്ടിപ്പറമ്പ്, ചെറിയകടവ്, കണ്ണമാലി, പുത്തൻതോട്, കണ്ടേക്കാട്, തെക്കേചെല്ലാനം.

അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂർ

ചേക്കോട്, പെരിഞ്ഞനം, ഏറിയാട്, ആറാട്ടുകടവ്, അങ്ങാടി, കാര, പൊക്കളായ് കുളിമുട്ടം, തട്ടുകടവ്, മണപ്പാടുചാൽ, ചാവക്കാട്, വാടാനപ്പിള്ളി കടപ്പുറം ചേറ്റുവായി അഴി, വെളിച്ചെണ്ണപ്പടി, നോളിറോഡ്, തൊക്കാപ്പ്.

മഞ്ചേരി ഡിവിഷൻ

പൊന്നാനി, തിരൂർ, പരപ്പനങ്ങാടി

കോഴിക്കോട് ഡിവിഷൻ

മാടാക്കര, മടപ്പള്ളി, ചോറോട്, കുരിയാടി, കസ്റ്റംസ്റോഡ്, ആനാട്, പുറക്കര, കോട്ടക്കൽ, ആനിയാട്, മാന്ദമംഗലം, കൊല്ലം, എടിൽ, കാപ്പാട്, കണ്ണൻകടവ്, മാടുവയൽ, മുക്കാടി, സുബ്രഹ്മണ്യക്ഷേത്രം കടപ്പുറം, ചെടികുളം, പുതിയങ്ങാടി, പള്ളികണ്ടി, വെസ്റ്റ്ഹിൽ, വെള്ളയിൽ, പുതിയകടവ്, കോഴിക്കോട് സൗത്ത് ബീച്ച്, മുഖദാർ, കോന്നി ചുക്കുംകടവ്, കപ്പക്കാൽ, കോയവളപ്പ്, മാറാട്, ബേപ്പൂർ, ശവകണ്ടി, കടലുണ്ടി.

LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി ഡിവിഷൻ

മാട്ടൂർ, പുതിയങ്ങാടി, മാട്ടൂർ സൗത്ത്, മീൻകുന്ന് തയ്യിൽ, കിഴുന്ന, ധർമ്മടം, തലായി, പരിമഠം, അഴീക്കൽ.

കാസർകോട് ഡിവിഷൻ

ഭേരിക്ക, ഷീരിയ, ചേരംകൈ, പടണ, വലിയപ്പറമ്പ്, ഉദിനൂർ, കണ്ണവീട്, അജന്നൂർ, കടപ്പുറം, ബല്ലകടപ്പുറം, ഹോസ്ദുർഗ്, തൈക്കടപ്പുറം, മുസ്സോടി, കോയിപ്പാടി, ചെമ്പരിക്ക.

(ബി) കടലാക്രമണമുണ്ടായ സ്ഥലങ്ങൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു :

തിരുവനന്തപുരം ഡിവിഷൻ

കൊല്ലങ്കോട്, പനത്തറയ്ക്കര, പൂന്തുറ, വലിയതുറ, വേളി, പുത്തുറ, കാപ്പിൽ.

കൊല്ലം ഡിവിഷൻ

താന്നി, കൊച്ചുതോപ്പ്, കുളത്തിൽപ്പാടം, കാക്കത്തോപ്പ്, ആദിച്ചവൻതോപ്പ്, പരവൂർ സൗത്ത്, പൊൻമന, ജയന്തി കോളനി, വെള്ളനാതുരുത്ത്, കാറ്റാടി കോളനി, അഴീക്കൽ, തറയിൽകടവ്, പെരുമ്പള്ളി കൂടാതെ കായംകുളം ഹാർബറിന്റെ വടക്കുവശം മുതൽ ഏകദേശം 4 കി.മീ. ദൂരത്തിൽ കടലാക്രമണമുണ്ടായി.

ആലപ്പുഴ ഡിവിഷൻ

തോട്ടപ്പള്ളി, അമ്പലപ്പുഴ, കാക്കാഴം, പുന്നപ്ര, മാടയ്ക്കൽ, ചെട്ടിക്കാട്, കാട്ടൂർ, ഒറ്റമശ്ശേരി.

എറണാകുളം ഡിവിഷൻ

.ഫോർട്ട്കൊച്ചി, കണ്ണമാലി, കണ്ടേക്കാട്, സൗദി, ഞാറക്കൽ.

അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂർ

വേക്കോട്, അഞ്ചാടി, ഏറിയാട്, മണപ്പാടുച്ചാൽ, തട്ടുകടവ്, പടിഞ്ഞാറെ ചെമ്പല്ലൂർ, പെരിഞ്ഞാനം, ചാവക്കാട്, വാടാനപ്പിള്ളി.

മഞ്ചേരി ഡിവിഷൻ

പൊന്നാനി, പരപ്പനങ്ങാടി, വള്ളിക്കുന്ന്

കോഴിക്കോട് ഡിവിഷൻ

ചോറോട്, കസ്റ്റംസ് റോഡ്, മടപ്പള്ളി, കുരിയാടി, കോട്ടക്കൽ, അയതിക്കാട്, മാന്ദമംഗലം, ചെറിയമങ്ങാട്, കമ്പിവളപ്പ്, ചെട്ടിക്കുളം, വെസ്റ്റ്ഹിൽ, പുതിയകടവ്, കോഴിക്കോട് ബീച്ച്, സൗത്ത് ബീച്ച്, മുഖദാർ, പള്ളിക്കണ്ടി, കോതി, ചങ്കുംകടവ്, കപ്പക്കൽ, കോയവളപ്പ്, ശവകണ്ടി, ചാലിയംകടവ്.

LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി ഡിവിഷൻ

പാലക്കോട്, പുതിയങ്ങാടി, ചുട്ടാട്, എടിക്കുളം, മാട്ടൂർ, അഴീക്കൽ, തയ്യിൽ, മൈതാനപ്പള്ളി, കിഴുന്ന, കൊടുവള്ളി, ആസാദ് ബീച്ച്, പൊട്ടിപ്പാലം.

കാസർകോഡ് ഡിവിഷൻ

ഷിരിയ, കോയിപ്പാടി, ചേരംകൈ, മുണ്ടോടി, തെക്കടപ്പുറം, വലിയപറമ്പ് കടപ്പുറം, അഴിത്തല, ബേരിക്ക ചെമ്പരിക്ക.

(സി) കടലാക്രമണംമൂലം നിരവധി വീടുകൾക്കും തെങ്ങുകൾ ഉൾപ്പെടെ വൃക്ഷങ്ങൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ട്. ചെല്ലാനം ദ്വീപിൽ ചാളകടവിൽ കടൽഭിത്തി തകരുകയും ഫോർട്ട്കൊച്ചിയിൽ കോർപ്പറേഷൻ വക കംഫർട്ട് സ്റ്റേഷന്റെ ചുറ്റുമതിൽ പൂർണ്ണമായും തകരുകയും ചെയ്തു.

(ഡി) കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം ഡിവിഷൻ

കൊല്ലകോട്, പനത്തറക്കര, പൂത്തുറ, വലിയതുറ, വേളി, പൂന്തുറ, കാപ്പിൽ എന്നീ സ്ഥലങ്ങളിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനം നടന്നുവരുന്നു.

കൊല്ലം ഡിവിഷൻ

താന്നി, കൊച്ചുതോപ്പിന് വടക്കുഭാഗം, പരവൂർ തെക്കുംഭാഗത്ത്, നീണ്ടകര, കരിത്തുറ, പൊൻമന, ആലപ്പാട് എന്നിവിടങ്ങളിൽ കടൽഭിത്തിയുടെ പുനരുദ്ധാരണവും പെരുമ്പള്ളി തറയിൽ കടവ് പ്രദേശങ്ങളിൽ 8409 മീറ്റർ നീളത്തിൽ താത്കാലിക കോർവാൾ നിർമ്മാണവും നടന്നുവരുന്നു.

ആലപ്പുഴ ഡിവിഷൻ

അന്ധകാരനഴിയിലും, ഓമനപ്പുഴയിലും കടലാക്രമണ നിരോധന പ്രവർത്തനം നടത്തുന്നുണ്ട്.

എറണാകുളം ഡിവിഷൻ

കണ്ണമാലി എൽ. പി. സ്കൂളിന് സമീപം ഫോർട്ട്കൊച്ചി, ഐ. എൻ. എസ്. ദ്രോണാചാര്യയുടെ സമീപം, കാട്ടിപ്പറമ്പ് എന്നിവിടങ്ങളിൽ കടൽഭിത്തിയുടെ പുനരുദ്ധാരണം നടക്കുന്നുണ്ട്. ചെല്ലാനം ദ്വീപിൽ കരിങ്കൽ ചിറയുടെ പണിയും നടക്കുന്നു.

കോഴിക്കോട് ഡിവിഷൻ

310 മീറ്റർ നീളം വരുന്ന കോഴിക്കോട് ബീച്ച് ഭാഗം സംരക്ഷിക്കുന്നതിന് നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാസർകോഡ് ഡിവിഷൻ

ചെമ്പരിക്ക, അടുക്കത്ത് കായൽ എന്നീ പ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കടൽഭിത്തി നിർമ്മാണം

60 (2338) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽപ്പെട്ട തീരദേശ മേഖലയിലെ ആയികുന്നൽ കായത്തോപ്പ് ഗാർഫിൽ നഗർവരെ കടൽഭിത്തി തകർന്ന് നിരവധി വീടുകൾ കടലിനിരയായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള കടൽഭിത്തി ബലപ്പെടുത്തുവാനും, കൊളത്തിൽപ്പാട്, ആദിച്ചൻതോപ്പ് പി.എം.ആർ. ആശുപത്രിക്ക് സമീപം എന്നിവിടങ്ങളിൽ പുതുതായി കടൽഭിത്തി കെട്ടുവാനും അടിയന്തര നടപടി കൈക്കൊള്ളുമോ ;

(സി) കാലാകാലങ്ങളിൽ ഈ പ്രദേശത്ത് ഉണ്ടാകുന്ന കടലാക്രമണം തടയുവാൻ പുലിമുട്ട് സ്ഥാപിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) താന്നിയിൽ നിലവിലുള്ള കടൽഭിത്തിയുടെ രണ്ട് പുനരുദ്ധാരണ പണിയും പി.എം.ആർ. ആശുപത്രിക്ക് സമീപം നിലവിലുള്ള കടൽഭിത്തിയുടെ മൂന്ന് പുനരുദ്ധാരണ പണികളും നടന്നുവരുന്നു. ഇതിനുപുറമേ താന്നിയിൽ ചെയിനേജ് 6.310 കി.മീ. മുതൽ 6.390 കി.മീ. വരെ നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പണിക്ക് ദർഘാസ് വിളിച്ചിട്ടുണ്ട്.

(സി) കടലാക്രമണം ചെറുക്കുന്നതിന് മുൻകാലത്ത് സ്ഥാപിച്ച പുലിമുട്ടുകൾ വളരെ പെട്ടെന്ന് നശിക്കുകയുണ്ടായി. തീരപ്രദേശത്തെ മണ്ണൊലിപ്പിന് കാരണമാകുന്നതിനാലും ഇതര ഭാഗങ്ങളിൽ കടലാക്രമണം രൂക്ഷമാകുന്നതിനാലും 1964-ൽ പുലിമുട്ടു നിർമ്മാണം നിർത്തലാക്കുകയും ചെയ്തിരിക്കുന്നതിനാൽ പുലിമുട്ട് സ്ഥാപിക്കുവാൻ നിർവ്വാഹമില്ല.

ഇരവിപുരം കടൽത്തീരത്ത് പുലിമുട്ട് സ്ഥാപിക്കാൻ നടപടി

61 (2339) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടലാക്രമണംമൂലം തുടർച്ചയായി നാശനഷ്ടം ഉണ്ടാകുന്ന ഇരവിപുരം തീരപ്രദേശത്ത് പുലിമുട്ട് സ്ഥാപിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly